മുഴുവൻ പൈസയും കൊടുത്തുകഴിഞ്ഞുവെന്നാണ് കമ്പനി സെക്രട്ടറി പറഞ്ഞിരിക്കുന്നത്. ഇനി കൊടുത്തുതീർക്കാനുള്ളത് മൂന്ന് ലക്ഷം രൂപയാണ്. അവരുടെ കൈവശം 30 ലക്ഷം രൂപയുടെ പൊടി സ്റ്റോക്ക് ഉണ്ടെന്നും ആ പൊടി വിൽക്കുന്നതിനുവേണ്ടി ഇൻഡ്യാ ഗവൺമെൻറിനെ സമീപിച്ചിട്ടുണ്ടെന്നും ഇൻഡ്യാ ഗവൺമെൻറ് ജഗത് ഇൻഡസ്ട്രി, ലുധിയാന, പഞ്ചാബ് എന്ന Manufacturers ആയി ബന്ധപ്പെട്ട് അവരെക്കൊണ്ട് ഈ കൊക്കോപ്പൊടി എടുപ്പിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടെന്നും പൊടിക്ക് പുറമെ 75 Ton ഉണക്കിയ കൊക്കൊകൂടി അവരുടെ കൈവശമുണ്ടെന്നും അതുകൊണ്ട് ഇവർ കൊക്കൊ വാങ്ങിയിട്ടുള്ള മുഴുവൻ ആളുകൾക്കും പൈസ കൊടുത്തു തീർക്കുന്നതാണെന്നും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. ഈ കമ്പനിയിൽ ഗവൺമെൻറിന് യാതൊരു കൺട്രോളുമില്ല. ഇത്രയും വിവരങ്ങളാണ് ഗവൺമെൻറിന് കിട്ടിയിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്: കോതമംഗലത്തെ ഒരു ഏജൻറിന് മാത്രമായിട്ട് മൂന്നേമുക്കാൽ ലക്ഷം രൂപയുടെ രസീതാണുള്ളത്, 9-5-1981ലുള്ളതാണ്. ഗവൺമെൻറ് പറഞ്ഞത് മൂന്ന് ലക്ഷം രൂപയേ കൊടുക്കാനുള്ളുവെന്നാണ്.

(2) കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ട് ഏരിയായിൽ നിന്നും ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം

ശ്രീ. പി. കെ. ശ്രീനിവാസൻ: കല്ലട ജലസേചന പദ്ധതിയുടെ പാർഷ്യൽ കമ്മീഷനിങ്ങ് ഈ സെപ്റ്റംബർമാസം നടക്കാൻ പോകുന്നതായിട്ടാണ് അറിയുന്നത്. ജലവിതാനം 285 അടി ഉയരുന്നതോടുകൂടി ആയക്കെട്ട് ഏരിയായിൽപ്പെട്ട മാമൂട്, കുറവൻകോണം, മാധവൻകോണം, കുളംകുന്ന് എന്നീ പ്രദേശങ്ങളിൽ അധിവസിക്കുന്ന 285 കുടുംബങ്ങളെ യഥാർത്ഥത്തിൽ അവിടെ നിന്ന് ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്, അത് കൂടാതെ തൊട്ടടുത്ത പ്രദേശമായ പട്ടാഴികരിക്കം, മരുത്മൂട് എന്നിവിടങ്ങളിൽ 19 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നത്. 1978-ൽ തന്നെ ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി കുളത്തൂപ്പുഴ വില്ലേജിലുള്ള കല്ലുവെട്ടാംകുഴി എന്ന സ്ഥലത്ത് വനംവെട്ടി തെളിച്ച് പുനരധിവസിപ്പിക്കണമെന്നാണ് ബന്ധപ്പെട്ട ആളുകൾ പറഞ്ഞിരുന്നത്. 1978-ൽ ഇവരെ പുനരധിവസിപ്പിക്കുമെന്ന് അന്നത്തെ ഇറിഗേഷൻമന്ത്രി ഈ സഭയ്ക്ക് ഉറപ്പു തന്നതാണ്. മൂന്ന് സംവൽസരങ്ങൾ കഴിഞ്ഞു. അടുത്തമാസം പാർഷ്യൽ കമ്മീഷനിങ്ങ് നടക്കും. ഇതുവരെ നടപടികളൊന്നും ആയിട്ടില്ല. 295 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള വനം വെട്ടിത്തെളിച്ച് അവരെ ഏൽപ്പിക്കത്തക്കവണ്ണം സജ്ജമാക്കിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ഇടവപ്പാതിക്കാലത്തുതന്നെ ഏഴര വീടുകൾ വെള്ളത്തിലായിട്ടുണ്ട്. 285 അടി ജലവിതാനം ഉയരുന്നതോടുകൂടി എന്ത് പ്രയാസമാണ് അവിടെ വരുന്നതെന്ന് ഇപ്പോൾ ഊഹിക്കാൻ വയ്യ. അതുകൊണ്ട് 1978-ൽ തന്ന ഉറപ്പ് പാലിക്കണം. ഈ കുടുംബങ്ങളെ മുഴുവൻ കല്ലുവെട്ടാംകുഴിയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള സത്വരമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ ക്ലിയർ ഫെല്ലിങ്ങ് വനത്തിൽ നടത്തണം. അതുപോലെതന്നെ പട്ടാഴികരിക്കം മരുതുമൂട് എന്നീ പ്രദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ വെള്ളം കയറുമെന്നാണ് പറയുന്നത്. 19 കുടുംബങ്ങൾ അവിടെ താമസിക്കുന്നുണ്ട്. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

Minister of Irrigation (**Dr. A. Subba Rao**):—The Government is aware of the urgency of the problem of rehabilitation of the settlers inhabiting the reservoir area who will be affected when the reservoir will start impounding with further rising of the block No. 8.

The question of rehabilitation of the settlers was taken up as early as 1977. The number of families that would be affected had to be identified which was completed in 1978. Then there was some delay in selecting the land available for rehabilitating these families. It required inter-departmental discussion. It was found that the forest land at Kalluvettamkuzhi was suitable and agreed upon in June, 1979. The criteria for distribution of land was agreed upon. 277 families were identified as being affected when the Dam gets completed. Subsequently some more families were also identified. It was also decided that rehabilitation of 122 families among them should be taken up on priority basis as they will be affected first. On the representation of the representatives of the affected families which was taken up by the Hon'ble member himself 2 to 3 meetings were convened to find a solution to the problems. A meeting with the Minister for Forest and other officials was held when it was agreed to speed up the clearfelling and transfer of land.

Recently in the beginning of this monsoon due to heavy rains and as a result of the increase in the height of block No. 8 there was a flash flood and 17 families in the low lying areas had to be shifted and accommodated temporarily in adjacent places.

Government in November 1979 ordered the transfer of forest land at Kalluvettamkuzhi.

The Forest Department demarcated an area of 123·30 hectares and 118·50 in coupes No. 15 and 16 respectively in Anakulom Forest and obtained Government sanction for complete extraction and entrusted the work in coupe 6 to a contractor. It is reported that the work is in good progress and substantial portion has been clearfelled. Meanwhile due to passing of the conservation of Forest Act there was some delay as the permission of the Government of India is necessary for the transfer of land. The Government of India has been addressed to the effect. Subsequently the Special Secretary (I and R) and Special Secretary (Minor Irrigation and Forest) have appeared before the committee constituted by the Government of India for sanctioning the transfer of the forest land for other purposes and appraised the gravity of the situation. A favourable response is expected. The Government are seized of the situation and everything possible is being done.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശ്രീനിവാസൻ: പട്ടാഴികരിക്കം മരുത്മൂട് എന്നിവിടങ്ങളിൽ വെള്ളം കയറുമെന്നാണ് എൻജിനീയർമാർ പറയുന്നത്. ആ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

Dr. A. Subba Rao: That was identified by the Revenue Department as well as the engineers concerned. The Hon'ble Member also might be aware of that.

IV. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശകസമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): കാര്യോപദേശകസമിതിയുടെ പതിനൊന്നാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 1981-ലെ കേരള വസ്തു ആവശ്യപ്പെടലും വിലയ്ക്കെടുക്കലും സംബന്ധിച്ച ബില്ലിനെപ്പറ്റിയുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 1981-ലെ കേരളാ വസ്തു ആവശ്യപ്പെടലും വിലയ്ക്കെടുക്കലും സംബന്ധിച്ച ബില്ലിനെസംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) 1981-ലെ കേരള പൊതു വിൽപനനികുതി (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

Minister of Finance and Law (**Shri K. M. Mani**): Sir, I present the report of the subject committee on the Kerala General Sales Tax (Amendment) Bill, 1981.

IV (a). റിപ്പോർട്ട് പരിഗണന

കാര്യോപദേശകസമിതിയുടെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, കാര്യോപദേശകസമിതിയുടെ പതിനൊന്നാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവുംവകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

LIBRARY ARCHIVES Kerala Legislative Assembly